**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2280** **30-07-2021 - ൽ മറുപടിയ്ക്ക്**

**സീഫുഡ് റസ്റ്റോറന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന സീഫുഡ് റസ്റ്റോറന്റ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ഓഖി ദുരന്തബാധിതരായ മത്സ്യത്തൊഴിലാളി വിഭാഗത്തിന്റെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിഴിഞ്ഞം തുറമുഖ പ്രദേശത്ത് ഒരു സമുദ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റും വിപണന ഔട്ട് ലെറ്റും ആരംഭിക്കുന്നതിനായി 4 കോടി രൂപയുടെ അംഗീകാരം നൽകിയിരുന്നു. പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി കോവളം ആഴാംകുളത്ത് ഒരു സീ ഫുഡ് റസ്റ്റോറന്റും വിപണന ഔട്ട് ലെറ്റും സ്ഥാപിക്കുന്നതിനായി 63.22 ലക്ഷം രൂപയ്ക്ക് വർക്ക് അവാർഡ് ചെയ്തു. നിലവിൽ പ്രവൃത്തി ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. ഇതുകൂടാതെ കൊല്ലം ജില്ലയിലും ഇത്തരത്തിൽ ഒരു സീഫുഡ് റസ്റ്റാറന്റ് സ്ഥാപിക്കുന്നതിന് 207 ലക്ഷം രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. കൊല്ലം കോർപ്പറേഷനിൽ നിന്നും സ്ഥലം കൈമാറി ലഭിയ്ക്കുന്ന മുറയ്ക്ക് റസ്റ്റാറന്റ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | സംസ്ഥാനത്തെ മുഴുവൻ തീരദേശങ്ങളുമായി ബന്ധപ്പെട്ട് ഇത്തരത്തിലുള്ള സംരംഭങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ബി) | നിലവിൽ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ